بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 01.08.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

01.08.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം

# ഗുജ്റാൻവാലസംഭവം

തശഹുദും തഅവുദും സൂറാ ഫാത്തിഹയും തിലാവത്ത് ചെയ്തതിന് ശേഷം ഹുസൂർ അയ്യദഹുല്ലാഹു തഅ്‌ല ബിനസിരിൽ അസീസ് താഴെ കാണുന്ന ആയത്തുകൾ പാരായണം ചെയ്തു.

وَالسَّمَآءِ ذَاتِ الۡبُرُوۡجِ ۝١ وَالۡيَوۡمِ الۡمَوۡعُوۡدِ ۝٢ وَشَاهِدٍ وَّمَشۡهُوۡدٍ ۝٣ قُتِلَ اَصۡحٰبُ الۡاُخۡدُوۡدِ ۝٤ النَّارِ ذَاتِ الۡوَقُوۡدِ ۝٥ اِذۡ هُمۡ عَلَيۡهَا قُعُوۡدٌ ۝٦ وَّهُمۡ عَلٰى مَا يَفۡعَلُوۡنَ بِالۡمُؤۡمِنِيۡنَ شُهُوۡدٌ ۝٧ [٨٥:٧] وَمَا نَقَمُوۡا مِنۡهُمۡ اِلَّاۤ اَنۡ يُّؤۡمِنُوۡا بِاللّٰهِ الۡعَزِيۡزِ الۡحَمِيۡدِ ۝٨ [٨٥:٨]
الَّذِىۡ لَهٗ مُلۡكُ السَّمٰوٰتِ وَالۡاَرۡضِ‌ؕ وَاللّٰهُ عَلٰى كُلِّ شَىۡءٍ شَهِيۡدٌ ۝٩ اِنَّ الَّذِيۡنَ فَتَنُوا الۡمُؤۡمِنِيۡنَ وَالۡمُؤۡمِنٰتِ ثُمَّ لَمۡ يَتُوۡبُوۡا فَلَهُمۡ عَذَابُ جَهَنَّمَ وَلَهُمۡ عَذَابُ الۡحَرِيۡقِ ۝١٠ اِنَّ الَّذِيۡنَ اٰمَنُوۡا وَعَمِلُوا الصّٰلِحٰتِ لَهُمۡ جَنّٰتٌ تَجۡرِىۡ مِنۡ تَحۡتِهَا الۡاَنۡهٰرُ ؕ ذٰلِكَ الۡفَوۡزُ الۡكَبِيۡرُ ۝١١ (85:2-12)

ഈ ആയത്തുകളുടെ തർജ്ജമ ഇപ്രകാരമാണ്.

രാശികളുള്ള ആകാശത്തെ കൊണ്ട് സത്യം, വാഗ്ദത്തം ചെയ്യപ്പെട്ട നാളിനെ കൊണ്ടും സാക്ഷിയെ കൊണ്ടും സാക്ഷ്യം വഹിക്കപ്പെടുന്ന ആളെകൊണ്ടും സത്യം. കിടങ്ങിന്റെ ഉടമസ്ഥർ ആ വിറകിട്ട് കത്തിക്കപ്പെട്ട അഗ്നിയുടെ ഉടമസ്ഥർ നശിക്കട്ടെ, സത്യവിശ്വാസികളെക്കൊണ്ട് അവർ ചെയ്ത് കൊണ്ടിരിക്കുന്ന ചെയ്തികൾക്ക് സാക്ഷികളായും കൊണ്ട് അവർ അതിന് അരികെ ഇരിക്കുകയായിരുന്നപ്പോൾ. പ്രതാപവാനും സ്തുത്യർഹനുമായ അല്ലാഹുവിൽ അവർ വിശ്വസിക്കുന്നുവെന്നതിനല്ലാതെ മറ്റൊന്നിനും അവർ അവരെ വെറുത്തിരുന്നില്ല. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യമുള്ളവനത്രെ അവൻ. അല്ലാഹു സകലകാര്യത്തിനും സാക്ഷിയാകുന്നു. സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും പീഢിപ്പിക്കുകയും എന്നിട്ട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് നരകശിക്ഷയുണ്ടാകും. എരിച്ച് കളയുന്ന ശിക്ഷയാണ് അവർക്ക് ഉണ്ടാവുക. എന്നാൽ സത്യത്തിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തവരാരോ, അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന ആരാമങ്ങൾ ലഭിക്കുന്നതാണ്. അതത്രെ മഹത്തായ വിജയം.

ഞാൻ ഓതിയ ആയത്തുകൾ ഗുജ്റാൻവാലയിൽ അഹ്മദികൾക്ക് ഉണ്ടായ സംഭവത്തിന്റെ ചിത്രം അതേ പടി കോറിയിടുന്നതാണ്. ഇത് ഹ: മസീഹ് മൗഊദ് (അ) ന്റെയും അഹ്മദിയ്യത്തിന്റെയും സത്യസാക്ഷ്യത്തിനുള്ള അത്തരത്തിലുള്ള ഒരു തെളിവാണ്. അഥവാ നീതി ഇഷ്ടപ്പെടുന്ന മുസ്ലിംകൾ സൂറത്തുൽ ബുറൂജിൽ ചിന്തിക്കുകയാണെങ്കിൽ, അഹ്മദികളുടെ മേൽ നടക്കുന്ന അക്രമം, പ്രത്യേകിച്ച് അത്തരം അക്രമങ്ങളെ കുറിച്ച് തങ്ങളുടെ പണ്ഡിതന്മാരുടെയും, നേതാക്കന്മാരുടെയും, രാഷ്ട്രീയക്കാരുടെയും, ഭരണകർത്താക്കരുടെയും സമീപനം അഹ്മദിയ്യത്തിനോടുള്ള എതിർപ്പ് മൂലം അവർ കാണിക്കുന്ന പ്രവർത്തികൾ, അവയുടെ യാഥാർത്ഥ്യവും വെളിപ്പെടുന്നതായിരിക്കും. ഹ: മസീഹ് മൗഊദ് (അ) ൽ വിശ്വസിക്കുകയും, അക്രമികളും, അവരുടെ കൂട്ടാളികളും അഹ്മദികളുടെ മേൽ ചെയ്യുന്ന അക്രമത്തിന്റെ ഭാഗമാകാതിരിക്കുകയും ചെയ്യുന്നതായിരിക്കും. എന്നാൽ അല്ലാഹുവിന്റെ വചനങ്ങൾ മനസ്സിലാക്കുന്നതിനും ഒരു ദൈവനിയോഗിതന്റെ ആവശ്യമുണ്ട്. എന്നാൽ ഈ ആളുകളുടെ അവസ്ഥ, അവർ അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാൻ ഒട്ടും ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് തന്നെ അക്രമത്തിൽ മുന്നോട്ട് തന്നെ പോയി കൊണ്ടിരിക്കുന്നു. ഈ ആയത്തുകളുടെ ചുരുങ്ങിയ വിശദീകരണം ഞാൻ ഇവിടെ വിവരിക്കുകയാണ്. ഇവിടെ സത്യം ചെയ്തിരിക്കുന്ന രാശി കൊണ്ടുള്ള ആകാശം കൊണ്ടുള്ള ഉദ്ദേശ്യം ജോതിശാസ്ത്രകാരന്മാർ പറയുന്ന ആകാശത്തിലെ പന്ത്രണ്ട് രാശിയും, നക്ഷത്രങ്ങളും ഗ്രഹങ്ങളുമാണ്. ഇവിടെ ആലങ്കാരികമായി ഇസ്ലാമിക ചരിത്രവുമായി സുപ്രധാന ബന്ധമുള്ള ആത്മീയ രാശിമണ്ഡലങ്ങളെ കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. അതുകൊണ്ടുള്ള ഉദ്ദേശ്യം ഇസ്ലാമിന്റെ ആകാശത്ത് സൂര്യൻ അസ്തമിച്ചതിന് ശേഷം പ്രകാശം നൽകുന്നതിനു വേണ്ടി അതല്ലെങ്കിൽ കുറച്ച് കാലത്തേക്ക് പ്രകാശം നൽകിക്കൊണ്ടിരുന്ന പന്ത്രണ്ട് മുജദ്ദിദീംകളാണ്. ഈ കാലഘട്ടത്തെ കുറിച്ച് ഹദീസിലും പരാമർശം ഉണ്ട് പൗരാണിക പണ്ഡിതന്മാരും വിവരിച്ചിട്ടുണ്ട്. ഇത് വളരെ വിസ്മയകരമായ കാര്യമാണ്. പന്ത്രണ്ടു നൂറ്റാണ്ടിൽ പന്ത്രണ്ടു തവണ ഇസ്ലാമിന്റെ അന്ധകാരനിബിഢമായ കാലഘട്ടത്തിൽ പ്രകാശത്തിന്റെ കിരണങ്ങൾ വ്യാപിപ്പിക്കുന്നതിന് അല്ലാഹു നിയോഗിച്ച ആളുകളെ മുസ്ലിംകൾ വിശ്വസിക്കുന്നു. എന്നാൽ അല്ലാഹു പറയുന്നു "وَالۡيَوۡمِ الۡمَوۡعُوۡدِ" അതായത് വാഗ്ദാനം ചെയ്യപ്പെട്ട നാളിനെകൊണ്ട് സത്യം എന്ന് പറഞ്ഞ്കൊണ്ട് പതിമൂന്നാം നൂറ്റാണ്ടിൽ അല്ലാഹു ആ വാഗ്ദാനമനുസരിച്ച് വാഗ്ദാനം ചെയ്യപ്പെട്ട ദൈവനിയോഗിതനെ അയച്ചപ്പോൾ, നിഷേധിക്കുന്നവരായിത്തീർന്നിരിക്കുന്നു. പിന്നീട് അല്ലാഹു പറയുന്നു, ഈ വാഗ്ദാനം ചെയ്യപ്പെട്ട നാളിൽ അതായത് മസീഹ്മൗഊദിന്റെ കാലഘട്ടത്തിൽ ഇസ്ലാമിന്റെ പുനരുജ്ജീവനം തീർച്ചയായും നടക്കും. ഇസ്ലാമിന്റെ പുതുജീവന്റെ കാലവും ആരംഭിക്കും.

എന്നാൽ അതിന് വേണ്ടി വിശ്വാസികൾക്ക്, മസീഹ് മൗഊദിനെ വിശ്വസിക്കുന്നവർക്ക് വളരെ വലിയ ത്യാഗങ്ങൾ ചെയ്യേണ്ടതായി വരും. പറയുന്നു; قُتِلَ أَصْحَابُ الْأُخْدُودِ കിടങ്ങുകളുടെ ഉടമസ്ഥർ നശിപ്പിക്കപ്പെടും النَّارِ ذَاتِ الْوَقُودِ അതായത് ഇന്ധനം ഇട്ട് കത്തിക്കപ്പെട്ട അഗ്നിയുടെ ഉടമസ്ഥർ إِذْ هُمْ عَلَيْهَا قُعُودٌ അവർ അതിന് ചുറ്റും ഇരിക്കുകയായിരുന്നപ്പോൾ, ഇവിടെ എതിരാളികളുടെ ചിത്രമാണ് വരച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള എതിർപ്പുകൾ ഉണ്ടായിരിക്കും എന്ന് പറഞ്ഞിരിക്കുന്നു. ഈ അഗ്നി കത്തിജ്ജ്വലിപ്പിക്കുകയും അതിന് ചുറ്റും ഇരിക്കുകയും ചെയ്യുന്നത് തീർച്ചയായും സംഭവിക്കും. എന്നാൽ അവസാനം എതിരാളികൾ മോശമായ പര്യവസാനം കാണുന്നതായിരിക്കും. അവർ നശിക്കപ്പെടും. എന്നിരുന്നാലും വിശ്വാസികൾക്ക് പീഢനങ്ങളുടെയും മർദ്ദനങ്ങളുടെയും ഭയാനകമായ അക്രമങ്ങളുടേയും ഇരയാകേണ്ടി വരും. ഹ:മസീഹ് മൗഊദ്(അ) ഈ ഭാഗത്തേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. ഇസ്‌ലാമിന്റെ പുരോഗതി നമ്മോട് ചിലത് ആവശ്യപ്പെടുന്നു. അത് മരണമാണ് ആവശ്യപ്പെടുന്നത്. ഈ ആയത്തുകളിൽ പറഞ്ഞിരിക്കുന്നത് വളരെ അധികം ഇന്ധനമുള്ള അഗ്നി നിങ്ങൾക്ക് എതിരിൽ ജ്വലിപ്പിക്കപ്പെടും. ആ അഗ്നിയിൽ കൂടെ കൂടെ ഇന്ധനം ഇട്ടുകൊണ്ടിരിക്കും. ഈ തീ കത്തിക്കുന്നവർ ചുറ്റും ഇരുന്ന് തമാശ കാണുന്നത് പോലെ നോക്കിക്കാണും. ഈ ആളുകൾ തങ്ങളുടെ ഭാവനയിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടാകും. അഥവാ കിടങ്ങുകൾ കുഴിച്ച് വിശ്വസികളെ പരിമിതപ്പെടുത്തി നാലുഭാഗത്ത് നിന്നും വലയം ചെയ്ത് അഗ്നി ജ്വലിപ്പിക്കുന്നതായിരിക്കും. എന്നാൽ അല്ലാഹു മുമ്പ് തന്നെ പറഞ്ഞിരിക്കുന്നു, തീർച്ചയായും അഗ്നിയുടെ ബുദ്ധിമുട്ടിലൂടെ കടന്നു പോകേണ്ടതായി വരും. എന്നാൽ അവസാനം എല്ലാ ഭാഗത്ത് നിന്നും വിശ്വാസികളെ വലയം ചെയ്ത് തീകൊണ്ട് കത്തിക്കാൻ ശ്രമിക്കുന്നവർ സ്വയം നശിച്ച് പോകും. ഈ സംഭവത്തിൽ വീഡിയോ ഫിലിമിൽ നിന്നും ഈ അക്രമികളുടെ മുഖങ്ങളിൽ നിന്നും, അവരുടെ പ്രവർത്തിയിൽ നിന്നും, മുദ്രാവാക്യത്തിൽ നിന്നും വാക്കുകളിൽ നിന്നും ലജ്ജയില്ലായ്മയുടെ പാരമ്യതയാണ് വ്യക്തമാകുന്നത്. ഏതായിരുന്നാലും ഇത് അവരുടെ ശത്രുതയുടെ പാര്യമതയാണ്. ഖേദകരമെന്ന് പറയട്ടെ ഇതെല്ലാം അല്ലാഹുവിന്റെയും റസൂലിന്റെയും പേരിലാണ് നടക്കുന്നത്. إِذْ هُمْ عَلَيْهَا قُعُودٌ ൽ നിന്നും വ്യക്തമാകുന്നത് അവർ ദീർഘകാലമായി ഇരിക്കുന്നവരായിരിക്കും. ഈ ശിക്ഷ നൽകാനുള്ള തന്ത്രം ദീർഘിപ്പിക്കാൻ ശ്രമിച്ച് കൊണ്ടിരിക്കും ഖുഊദ് എന്ന് പറഞ്ഞാൽ ഇരിക്കുക എന്നാണ് അർത്ഥം. ഏതെങ്കിലും ഒരു പ്രവർത്തി നീണ്ട കാലം ചെയ്ത് കൊണ്ടിരിക്കുന്നതിനും ഭാഷാപരമായി ഒരു കാര്യത്തിൻമേൽ ഇരിക്കുകയെന്ന് പറയും. അവരുടെ കളവിന്റെയും വഞ്ചനയുടെയും ദു:ഖിപ്പിക്കലിന്റെയും പരമ്പരയാണ് നടന്ന് കൊണ്ടിരിക്കുന്നത്. ഒരു പക്ഷേ ഇത് നടന്നുകൊണ്ടേയിരിക്കും. കാരണം എതിരാളികൾ ജനിച്ചുകൊണ്ടേയിരിക്കും. അത് നടന്ന് കൊണ്ടിരിക്കുന്നു. അവർ കളവാണ് പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നത് എന്ന് അവരുടെ പണ്ഡിതന്മാർക്കും അറിയാം. ഹ:മസീഹ് മൗഊദ്(അ) ന്റെ വാദത്തെ തടയുന്നതിനുള്ള ഒരു തെളിവും അവരുടെ പക്കലില്ല. കള്ളക്കഥകൾ മെനഞ്ഞെടുക്കലല്ലാതെ. ഇന്ന് പാക്കിസ്ഥാനിലെ എല്ലാ പട്ടണത്തിലും തെരുവുകളിലും, കളവിന്റെ വിഴുപ്പ്ഭാണ്ഢം അടങ്ങിയ അഹ്മദിയ്യ വിരുദ്ധ സാഹിത്യങ്ങളും വിളംബരങ്ങളും പതിച്ചിരിക്കുന്നു. ഇവർ സർക്കാർ കെട്ടിടങ്ങളിലും, ഏതുവരെ എന്നാൽ ഹൈക്കോടതിയുടെ കെട്ടിടത്തിൽ വരെ ഇത്തരത്തിലുള്ള തെറ്റായ ഹ.മസീഹ് മൗഊദ്(അ) ലേക്കോ ജമാഅത്തിന്റെ വിശ്വാസത്തിലേക്കോ കൂട്ടിചേർത്തിരിക്കുന്നു. ഈ ആളുകൾക്ക് ഒരു പരിധിയും ഇല്ല. ഇത്തരത്തിലുള്ള കാര്യങ്ങൾ കൂട്ടിച്ചേർത്ത് പറഞ്ഞ് ജനങ്ങളെ പ്രകോപിതരാക്കുന്നു. അത്തരം കാര്യങ്ങൾക്ക് ജമാഅത്തിന്റെ വിശ്വാസവുമായി ഒരു ബന്ധവുമില്ല. ഇവരുടെ ഈ എതിർപ്പ് കാരണം ജമാഅത്തിനെ സമാധാനിപ്പിച്ച് കൊണ്ട് ഹ. മസീഹ് മൗഊദ് (അ) പറയുന്നു.

"അല്ലാഹു നിങ്ങളെ പാഴാക്കിക്കളയും എന്ന് ഒരിക്കലും വിചാരിക്കരുത്. നിങ്ങൾ ഭൂമിയിൽ അല്ലാഹുവിന്റെ കൈകളാൽ വിതക്കപ്പെട്ട ഒരു വിത്താണ്. അല്ലാഹു പറയുന്നു ഈ വിത്ത് വളരുകയും പുഷ്പിക്കുകയും എല്ലാ ഭാഗത്ത് നിന്നും അതിന് ശാഖകൾ ഉണ്ടാകും. ഒരു വട വൃക്ഷമായിത്തീരും. അല്ലാഹുവിന്റെ വാക്കുകളിൽ വിശ്വസിക്കുകയും ഇടക്ക് വരുന്ന പരീക്ഷണങ്ങളിൽ ഭയക്കാതിരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ"

തീർച്ചയായും ജമാഅത്ത് അംഗങ്ങൾക്ക് ത്യാഗങ്ങൾ ചെയ്യേണ്ടതായി വരും, എന്നാൽ അല്ലാഹു നട്ടിരിക്കുന്ന ജമാഅത്താകുന്ന ഈ വൃക്ഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരുകയും പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യും. (إِنْ شَاءَ اللّٰهُ) ഈ അഗ്നി കത്തിജ്വലിപ്പിക്കുന്നവർ, സ്വയം തങ്ങളെ ഇതേ അഗ്നിയിൽ കത്തിക്കപ്പെടുന്നവരായി കാണും. അതല്ലെങ്കിൽ അല്ലാഹു മറ്റേതെങ്കിലും മാർഗത്തിലൂടെ അവരെ നശിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കും. قُتِلَ أَصْحَابُ الْأُخْدُودِ എന്ന് ഒരു പ്രവചനമാണ്. അത് അഹ്മദിയ്യത്തിന് മേൽ പൂർത്തിയായികൊണ്ടിരിക്കുന്നു. പൂർത്തിയായികൊണ്ടിരിക്കുകയും ചെയ്യും. ഈ ആളുകൾ നശിച്ച് കൊണ്ടിരിക്കും. ഈ അക്രമികളോടുള്ള ഈ പ്രവചനവും കൂടെ കൂടെ പൂർത്തിയായികൊണ്ടിരിക്കും. പിന്നീട് ഇവർ ഇതിൽ നിന്ന് വിരമിക്കുന്നില്ല. മറിച്ച് കൂടെ കൂടെ തങ്ങളുടെ അക്രമത്തിലേക്ക് തിരിച്ച് പോയിക്കൊണ്ടിരിക്കും. എന്നാൽ അല്ലാഹുവിന്റെ കൈകളാൽ നടപ്പെട്ട അഹ്മദിയ്യത്താകുന്ന വൃക്ഷം വളർന്ന്കൊണ്ടേയിരിക്കും (إِنْ شَاءَ اللّٰهُ). 125 വർഷമായിട്ടുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ നിന്നും പുരോഗതിയിൽ നിന്നും ഇവർ ഇപ്പോൾ പാഠം ഉൾക്കൊള്ളേണ്ടതാണ്. ഇത് മനുഷ്യപ്രവർത്തിയല്ല മറിച്ച് അല്ലാഹുവിന്റെ പ്രവർത്തനമാണ്. അല്ലാഹുവിന്റെ പ്രവർത്തിയിൽ ഇടപെട്ട് തടസ്സം ചെയ്യാൻ ശ്രമിച്ച്, അല്ലാഹുവിന്റെ കോപമല്ലാതെ മറ്റൊന്നും ഇവർ നേടുന്നില്ല. അല്ലാഹു അവരുടെ പര്യവസാനമായി എന്താണ് വെച്ചിരിക്കുന്നത് എന്ന് ഇവർക്ക് അറിയില്ല. അല്ലാഹു പറയുന്നു,

إِنَّ الَّذِينَ فَتَنُوا الْمُؤْمِنِينَ وَالْمُؤْمِنَاتِ ثُمَّ لَمْ يَتُوبُوا
فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ الْحَرِيقِ ۝١١ (85,11)

നിശ്ചയമായും സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും പീഢിപ്പിക്കുകയും എന്നിട്ട് പശ്ചാതപിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് നരകശിക്ഷയുണ്ടാകും. എരിച്ച് കളയുന്ന ശിക്ഷയാണ് അവർക്ക് ഉണ്ടാവുക. അല്ലാഹു പറയുന്നു, തീർച്ചയായും വിശ്വാസികളായ പുരുഷന്മാരെയും വിശ്വാസികളായ സ്ത്രീകളെയും പീഢിപ്പിക്കുകയും അല്ലെങ്കിൽ പീഢിപ്പിക്കാൻ ശ്രമിക്കുകയും, അവർക്ക് എതിരിൽ അഗ്നി ജ്വലിപ്പിക്കുകയും, അവരെ രക്ഷിക്കാൻ ആരും വരാതിരിക്കുന്നതിന് വേണ്ടി കാവലിരിക്കുകയും ചെയ്യുന്നവരാരോ, അവർക്ക് നരക ശിക്ഷ ഉണ്ടായിരിക്കുന്നതാണ്.

അല്ലാഹു പറയുന്നു, എന്റെ പ്രഭാവവും പ്രൗഢിയും തൗഹീദും നിലനിർത്തുന്നതിന് വേണ്ടി, എന്റെ അവസാന നബിയുടെ അഭിമാനവും പ്രഭാവവും നിലനിറുത്തുന്നതിന് വേണ്ടി എല്ലായ്പ്പോഴും പരിശ്രമിച്ചു കൊണ്ടിരിക്കുന്ന മുഅ്മിനീങ്ങളെ, അവരെ പീഢി

പ്പിക്കുകയും ദു:ഖമേൽപ്പിക്കുകയും ചെയ്യുന്നവരെ, അവരുടെ ശരീരത്തെ കത്തിക്കുന്നവരെ, അവരുടെ ഭവനങ്ങളെ അഗ്നിക്കിരയാക്കുന്നവരെ, വ്യാജമായ കാര്യങ്ങൾ അവരോട് കൂട്ടിച്ചേർത്ത് പറഞ്ഞ്കൊണ്ട് അവരുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുന്നവരെ ഞാൻ വെറുതെ വിടുകയില്ല. അവരെ നിശ്ചയമായും നരകാഗ്നിയിൽ പ്രവേശിപ്പിക്കും. അവർ തൗബ ചെയ്താലൊഴികെ. അല്ലാഹു തൗബ സ്വീകരിക്കുകയും മാപ്പു നൽകുകയും ചെയ്യുന്നു. ഏതായിരുന്നാലും ഈ അക്രമികളുടെയും തീ കത്തിക്കുന്നവരുടെയും പര്യവസാനം എന്തായിരിക്കും എന്ന് അല്ലാഹു നമുക്ക് പറഞ്ഞ് തന്നിരിക്കുന്നു. അതോടൊപ്പം തന്നെ വിശ്വസിക്കുന്നവർക്ക് ഈ ത്യാഗങ്ങളുടെ പകരമായുള്ള പാരിതോഷികത്തെ ക്കുറിച്ച് സമാധാനിപ്പിച്ചു കൊണ്ട് പറഞ്ഞു.

اِنَّ الَّذِيۡنَ اٰمَنُوۡا وَعَمِلُوا الصّٰلِحٰتِ لَهُمۡ جَنّٰتٌ تَجۡرِىۡ
مِنۡ تَحۡتِهَا الۡاَنۡهٰرُ ؕ ذٰلِكَ الۡفَوۡزُ الۡكَبِيۡرُ (85:12)

വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് താഴോരത്ത് കൂടി അരുവികൾ ഒഴുകുന്ന ഉദ്യാനങ്ങൾ ഉണ്ട്. ഇത് മഹത്തായ വിജയമാണ്. ശത്രുക്കൾ അഗ്നിയുടെ പരമ്പര ആരംഭിക്കുകയും അത് അണഞ്ഞ് പോകാതിരിക്കാനായി അതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. എന്നാൽ അല്ലാഹു പറയുന്നു. ഞാൻ ഈ അക്രമത്തിന് ഇരയ്ക്കപ്പെട്ടവർക്ക് വേണ്ടി സ്വർഗ്ഗം തയ്യാറാക്കിയിരിക്കുന്നു. അതിന്റെ തോട്ടത്തിലെ ശാഖകൾ പരസ്പരം കൂടിച്ചേർന്ന് നിൽക്കുന്നതാണ്. അതിന്റെ തണൽ ശീതളമാണ്, അതിന് താഴോരത്ത് കൂടി അരുവികൾ ഒഴുകികൊണ്ടിരിക്കുന്നു.ഇതാണ് അഗ്നി ജ്വലിപ്പിക്കുന്നവരുടെ പര്യവസാനവും, അക്രമത്തിന് ഇരയാക്കപ്പെട്ടവരുടേയും മുഅ്മിനീങ്ങളുടേയും പര്യവസാനം തമ്മിലുള്ള വ്യക്തമായ വ്യത്യാസം. നാം ഈ അക്രമങ്ങളുടെ എതിരിൽ സഹായത്തിനായി മുമ്പും അല്ലാഹുവിന്റെ മുമ്പിൽ പ്രണമിക്കുന്നവരായിരിക്കുന്നു. ഇന്നും അവന്റെ മുന്നിൽ തന്നെ പ്രണമിക്കുന്നു.

എല്ലാ രൂപത്തിലും ഫലങ്ങൾ അല്ലാഹുവിന്റെ സഹായം വിളിച്ചറിയിക്കുന്നതാണെങ്കിൽ അതിനർത്ഥം എല്ലാ കാര്യങ്ങൾക്കും വ്യത്യസ്ഥമായ വശങ്ങൾ ഉണ്ട് എന്നാണ്. ആന്തരികവും ബാഹ്യവുമായ വശങ്ങൾ. അല്ലാഹു പറയുന്നത് പോലെ ഈ അഗ്നി ആളിക്കത്തിപ്പിക്കുന്നതിന്റെ ഫലമായി ഈ തീ കത്തിപ്പിക്കുന്നവർക്ക് ഞാൻ പൊള്ളുന്ന ശിക്ഷ നൽകുന്നതാണ്, നരകശിക്ഷയും നൽകുന്നതാണ്. എന്നാൽ അഗ്നികൊണ്ട് നഷ്ടം വരുന്ന മുഅ്മിനീംകൾക്ക് ശീതളമായ തണൽ വിരിച്ച് സ്വർഗ്ഗങ്ങളാണ് ഉള്ളത്.

നമ്മുടെ ഈ ശുഹദാക്കളും അല്ലാഹുവിന്റെ പക്കൽ സ്വർഗ്ഗത്തിൽ ഉല്ലസിക്കുകയാണ്. അഹ്മദിയ്യത്തിന്റെ ചരിത്രത്തിൽ ഒരു പക്ഷേ ഇത് ആദ്യത്തെ അവസരമാണ് ത്യാഗം ചെയ്യുന്നവർ എല്ലാവരും സ്ത്രീകളും കുട്ടികളുമാണ്. ഒരു പുരുഷനും ഇവർക്ക് ഇടയിലില്ല. ഈ നിഷ്കളങ്കരുടെ ത്യാഗം നരകത്തെ അടുത്ത് കൊണ്ടുവന്നു കൊണ്ടിരിക്കുകയാണ്. (اِنۡ شَآءَ اللّٰهُ) ഇത് ഒരിക്കലും പാഴായി പ്പോകുകയില്ല. ഈ സംഭവത്തിന്റെ റിപ്പോർട്ടും കുറച്ച് കണക്കും ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്.

ഈ ശുഹദാക്കളിൽ ശഹീദായ മഹിളയുടെ പേര് ബുശ്ര ബേഗം സാഹിബ എന്നാണ്. ബഹുമാനപ്പെട്ട മുനീർ അഹ്മദ് സാഹിബ് മർഹൂമിന്റെ ഭാര്യയാണ്. കുട്ടികൾ അസിസ ഹിറാ തബസ്സും, അസിസ കായിനാത്ത് തബസ്സും ബഹുമാനപ്പെട്ട മുഹമ്മദ് ബൂട്ടാ സാഹിബിന്റെ മക്കളാണ്. ഈ സംഭവം എല്ലാവരും കേട്ടിട്ടുണ്ട്. വിവിധസ്ഥലങ്ങളിൽ ഇതിനെ കുറിച്ച് വന്നിട്ടുണ്ട്. എന്നിരുന്നാലും ഞാൻ വിവരിക്കുകയാണ്. 2014 ജൂലൈ 27 ന് ഗുജ്റാൻവാലയിലെ കച്ചിപമ്പിലെ അറഫാത്ത് കോളനിയിലെ അഹ്മദി സഹോദരന്മാരുടെ വീടുകളെ അഹ്മദിയ്യത്തിന്റെ എതിരാളികളും തീവ്രവാദികളും അക്രമിച്ചു. വീടുകൾ അഗ്നിക്ക് ഇരയാക്കി. അതിന്റെ ഫലമായി മുനീർ അഹ്മദ് സാഹിബ് മർഹൂമിന്റെ ഭാര്യ ബുശ്റ ബേഗം സാഹിബ 55 വയസ്സ്, മുഹമ്മദ് ബൂട്ടാ സാഹിബിന്റെ ചെറിയ രണ്ട് കുട്ടികളായ അസീസ ഹിറാ തബസ്സും 6 വയസ്സ് അസീസ കായിനാത്ത് തബസ്സും 8 മാസം മുമ്പേ പറഞ്ഞതു പോലെ ശഹീദായി. اِنَّا لِلّٰهِ وَاِنَّاۤ اِلَيۡهِ رٰجِعُوۡنَ പറയുന്നു, ഇതിന്റെ വിശദവിവരം ഇപ്രകാരമാണ്. സംഭവം നടന്ന ദിവസം ശഹീദ് മർഹൂമയുടെ ഒരു മകൻ മുഹമ്മദ് അഹ്മദ് സാഹിബ് നോമ്പ് തുറക്കലിന് ശേഷം അടുത്തുള്ള ഒരു ക്ലിനിക്കിൽ മരുന്നു വാങ്ങുന്നതിനായി പോയി. അവിടെ വെച്ച് അദ്ദേഹം തന്റെ പിതൃവ്യസഹോദരൻ വഖാസ് അഹ്മദിനെ ഏതാനും പേർ തടഞ്ഞു വെച്ചതായി കാണുകയുണ്ടായി. ഇത് എന്താണ് കാര്യം എന്ന് ചോദിച്ചപ്പോൾ അവർ അദ്ദേഹത്തെയും ചീത്ത വിളിക്കാൻ തുടങ്ങി. എന്നിട്ട് നിങ്ങളുടെ ഒരു യുവാവ് കഅബയെ ഫെയ്സ് ബുക്കിൽ അധിക്ഷേപിച്ചിരിക്കുന്നു എന്ന് ആരോപണം ഉന്നയിച്ചു (നഊദുബില്ലാഹ്) അപ്പോൾ അദ്ദേഹം പറഞ്ഞു ഞങ്ങൾക്ക് അത് ചിന്തിക്കാൻ പോലും സാധ്യമല്ല. ഏതായിരുന്നാലും താൽകാലികമായി ഈ പ്രശ്നം അവസാനിച്ചു. കുറച്ച് സമയത്തിന് ശേഷം ഈ സംഭവം ഏതൊരു ക്ലിനിക്കിന് മുന്നിൽ വെച്ചാണോ നടന്നത് അവിടുത്തെ ഡോക്ടർ സാഹിബ് മുഹമ്മദ് ബൂട്ടാ സാഹിബിനും ഫസൽ അഹ്മദ് സാഹിബിനും ഫോൺ ചെയ്ത്കൊണ്ട് പറഞ്ഞു. ഇവിടെ ജനങ്ങൾ ഒരുമിച്ച് കൂടി കൊണ്ടിരിക്കുന്നു ജാഥയുടെ രൂപത്തിൽ നിങ്ങളുടെ വീടുകളെ അക്രമിക്കുന്നതിനായി വന്നുകൊണ്ടിരിക്കുകയാണ്. വ്യാപാരികളുടെ സംഘടനയുടെ ഭാഗത്ത് നിന്നും ജനങ്ങളോട് ഒരുമിച്ച് കൂടാനും കടകൾ അടക്കാനും പറഞ്ഞിട്ടുണ്ട്. ഇത് കൃത്യമായ ഒരു പ്ലാനിംഗ് ആയിരുന്നു. ഈ അറിയിപ്പ് ലഭിച്ച ഉടനെ 15 അഹ്മദി വീടുകളിലെ സഹോദരീ സഹോദരന്മാർ തങ്ങളുടെ വീടുകളിൽ നിന്ന് പുറത്തേക്ക് വന്നു. പക്ഷേ മുഹമ്മദ് ബൂട്ടാ സാഹിബിന്റെയും മറ്റു രണ്ട് വീടുകളിലേയും അഹ്മദികൾ മുഹമ്മദ് അഷറഫ് സാഹിബ് സദ്ർ ജമാഅത്ത്, അദ്ദേഹത്തിന്റെ സഹോദരന്റെ കുടുംബവും വീട്ടിൽ തന്നെയായിരുന്നു. ജാഥ ഏകദേശം രാത്രി 8:30 മണിക്ക് അക്രമിച്ചു. അഹ്മദി വീടുകളുടെ അടുത്ത് വന്ന് ശക്തമായി മുദ്രാവാക്യം മുഴക്കി. വെടി ഉതിർക്കുകയും അടച്ചിട്ട വീടുകളുടെ വാതിലുകൾ തകർക്കാൻ തുടങ്ങുകയും ചെയ്തു. ഇവർ ആസൂത്രിതമായി ഒരുമിച്ച് നാലുഭാഗത്ത് നിന്നും അക്രമിച്ചു. ഈ സംഭവത്തിന് ശേഷം സദ്ർ ജമാഅത്ത് ഉടൻ തന്നെ പീപ്പിൾസ് നഗറിലെ S.H.O യെ കാര്യങ്ങൾ ധരിപ്പിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ സ്വയം പോലീസ് സംഘത്തോടൊപ്പം സംഭവസ്ഥലത്തുണ്ട് അക്രമികളെ സംസാരിക്കുന്നതിന് വേണ്ടി ഞാൻ കൂടെ കൊണ്ടു പോവുകയാണ്. എന്നിരുന്നാലും യാഥാർത്ഥ്യം ഇതാണ് അയാൾ അവരെ കൂടെ കൊണ്ട് പോയിട്ടില്ല. ഇതിനിടയിൽ അക്രമികൾ രണ്ടാമതും അക്രമിച്ചു. ചുറ്റികയും ചങ്ങലയും ആയുധങ്ങളും എല്ലാം അവരുടെ പക്കലുണ്ടായിരുന്നു. അവരോടൊപ്പം മറ്റ് ജനക്കൂട്ടവും കൂടിച്ചേർന്നു. വന്ന ഉടനെ തന്നെ അവർ വൈദ്യുതിയുടെ മീറ്റർ തകർക്കുകയും വയറുകൾ കഷ്ണിച്ചു കളയുകയും ചെയ്തു. പറയുന്നു സങ്കീർണ്ണമായ അവസ്ഥ കാരണം സദ്ർ ജമാഅത്തും അദ്ദേഹത്തിന്റെ സഹോദരന്റെ കുടുംബവും ടെറസിലൂടെ അനഹ്മദിയായ അഹ്ലെ ഖുർആൻകാരനായ അയൽവാസിയുടെ വീട്ടിൽ അഭയം തേടി. അദ്ദേഹം നല്ല ഒരു മനുഷ്യനായിരുന്നു.അദ്ദേഹം അഭയം നൽകി. എന്നാൽ മുഹമ്മദ്

ബൂട്ടാ സാഹിബിന്റെയും അദ്ദേഹത്തിന്റെ സഹോദരൻ ഫസൽ അഹ്മദ് സാഹിബിന്റെയും കുടുംബം തങ്ങളുടെ വീടിന്റെ മുകളിലത്തെ നിലയിലുള്ള ഒരു മുറിയിൽ കുടുങ്ങിപ്പോയി. ഇത്രയുമായപ്പോഴേക്കും അക്രമികൾ വീടിനുള്ളിൽ പ്രവേശിച്ച് പതിനൊന്ന് സ്ത്രീകളും കുട്ടികളും ബന്ധനസ്ഥരായിരിക്കുന്ന മുകളിലത്തെ നിലയിലെ ആ മുറിയുടെ വാതിൽ തകർക്കാൻ ശ്രമിച്ചു. വാതിൽ തകരാതിരുന്നപ്പോൾ അവർ പുറത്ത് നിന്ന് ലോക്ക് ചെയ്യുകയുണ്ടായി. അകത്ത് നിന്നും വാതിൽ തുറക്കാൻ കഴിയാതിരിക്കുന്നതിനും അടഞ്ഞ് പോകുന്നതിനും വേണ്ടി വാതിലും ജനലുകളുടെ ഗ്ലാസും തകർത്തു. പ്ലാസ്റ്റികും മറ്റു സാധനങ്ങളും സ്വരൂപിച്ച് വാതിലിനും ജനലിനും മുന്നിൽ വെച്ച് തീയിട്ടു. ഈ തീയിൽ നിന്നുള്ള വിഷലിപ്തമായ പുക വാതിലിലൂടെയും പൊട്ടിയ ജനലിലൂടെയും മുറിക്കുള്ളിൽ നിറഞ്ഞു. ഈ അക്രമികളും തീവ്രവാദികളും തീയിട്ടതിന് ശേഷം മുറിക്കകത്തുള്ളവർക്ക് ജനലിലൂടെ പരിഹസിച്ച് കൊണ്ട് കൈ വീശി വിടപറഞ്ഞു. ചെറിയ മുറിയിൽ പതിനൊന്ന് അഹ്മദി സ്ത്രീകളും കുട്ടികളും ബന്ധനസ്ഥരായിരുന്നു. പുക കാരണം ബുശ്റ ബേഗം സാഹിബയും അവരുടെ രണ്ട് പേരക്കുട്ടികൾ ഹിറാ തബസ്സും, കായിനാത്ത് തബസ്സും ശ്വാസം മുട്ടി ശഹീദായി اِنَّا لِلّٰهِ وَاِنَّآ اِلَيۡهِ رٰجِعُوۡنَ.

അക്രമികൾ ഇത്രമാത്രം പ്രകോപിതരായിരുന്നു. പരിക്ക് പറ്റിയവരെ കൊണ്ടു പോകുന്നതിനും തീയണക്കുന്നതിനും വേണ്ടി വന്ന ആംബുലൻസും മറ്റൊരു എമർജൻസി ആംബുലൻസും ഫയർ ബ്രിഗേഡിയറിനേയും അവിടെനിന്ന് ഓടിച്ചു. എല്ലാ അക്രമികളും വീടുകൾ തീ വെച്ച് കൊണ്ട് കത്തിച്ചുകൊണ്ടിരുന്നു. കൂടെ നൃത്തവും ചെയ്യുന്നുണ്ടായിരുന്നു. അപ്പോൾ പോലീസ് ഈ പ്രവർത്തികളെല്ലാം നിശബ്ദരായി തമാശ കാണുന്നവരെ പോലെ വീക്ഷിച്ച് കൊണ്ടിരുന്നു. അക്രമികളായ ആളുകളെ ഏതെങ്കിലും വിധത്തിൽ തടയാൻ ഒരു ശ്രമവും നടത്തിയില്ല.

ഈ സംഭവത്തിൽ ശഹീദായ ബുശ്റാ ബേഗം സാഹിബ ശഹീദിന്റെ കുടുംബത്തിൽ അഹ്മദിയ്യത്തിന്റെ തുടക്കം അവരുടെ പിതാമഹൻ ബഹുമാനപ്പെട്ട മിയാൻ ശഹാബുദ്ദീൻ സാഹിബ് ഓഫ് ലോദി നങ്കൽ മുഖേനയാണ് ഉണ്ടായത്. അദ്ദേഹത്തിന് രണ്ടാം ഖിലാഫത്ത് കാലഘട്ടത്തിൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാൻ തൗഫീഖ് ലഭിച്ചു. ഇവരുടെ വിവാഹം മുനീർ അഹ്മദ് സാഹിബുമായി ഗുജ്റാൻ വാലയിൽ നടന്നു. 1976ൽ പിന്നീട് ഇവിടെ വന്നു. ഇവരുടെ ഭർത്താവ് മുനീർ അഹ്മദ് സാഹിബും 6 മാസം മുമ്പ് വഫാത്തായി. മറ്റു രണ്ടു ശുഹദാക്കൾ അതായത് ഹിറാ തബസ്സും കായിനാത്ത് തബസ്സും ഇവരുടെ പേരക്കുട്ടികളാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ശഹീദ് മർഹൂമ അഞ്ചുനേരം നമസ്കരിക്കുന്ന തഹജ്ജുദ് നമസ്കരിക്കുന്ന വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന എല്ലാവരോടും നല്ല നിലയിൽ പെരുമാറുന്ന അതിഥി സൽക്കാരപ്രിയയായ ഉന്നത സ്വഭാവങ്ങളുടെ ഉടമയായിരുന്നു. മൃഗങ്ങൾക്കും പക്ഷികൾക്കും ഭക്ഷണവും ധാന്യവും ഇട്ട് കൊടുക്കുന്നത് അവരുടെ ഒരു ദിനചര്യയായിരുന്നു. ഒരു വിധ ഭാരവാഹിത്വം ഇല്ലാതെയും അവർ എപ്പോഴും ജമാഅത്തി സേവനം ആവശ്യമുണ്ടെങ്കിൽ ഉടൻ തന്നെ മുൻപന്തിയിൽ ഉണ്ടാകുമായിരുന്നു. ശഹാദത്തിന് ഒരു ദിവസം മുമ്പ് അവർ മുഹല്ലയിൽ നോമ്പ് തുറപ്പിക്കുകയും ചെയ്തിരുന്നു. ശഹീദായ പേരക്കുട്ടി ഹിറാ തബസ്സും വീടു വീടാന്തരം നോമ്പു തുറക്കാനുള്ളത് വിതരണം ചെയ്യുകയും ചെയ്തിരുന്നു.

ഗുജ്റാൻ വാല അമീർ സാഹിബ് പറയുന്നു. മുഴുവൻ കുടുംബവും സദ്ഹൃദയരും മുഖ്ലിസീങ്ങളും ജമാഅത്തിന് വേണ്ടി ആത്മാഭിമാനമുള്ളവരുമായിരുന്നു. ഇവർ താമസിക്കുന്ന പ്രദേശത്ത് ഹൽഖയും ഇവർ മുഖേനയാണ് ഉണ്ടായത്. അവർ അവിടെ നമസ്കാരസെന്ററും നിർമ്മിച്ചിരുന്നു. ചന്ദകളിലും മറ്റ് പദ്ധതികളും ആവേശത്തോടെ ഭാഗവാക്കാകുന്നവരായിരുന്നു. എല്ലാ വിധത്തിലും ജമാഅത്തുമായും എല്ലായ്പ്പോഴും സഹായത്തിലും അനുസരണത്തിലും മുൻപന്തിയിലായിരുന്നു. ശഹീദ് മർഹൂമയുടെ സന്തപ്തകുടുംബത്തിൽ മൂന്ന് ആൺമക്കളേയും രണ്ട് പെൺമക്കളെയും ഉപേക്ഷിച്ചുപോയിരിക്കുന്നു. ഒരു മകൻ മുഹമ്മദ് ബൂട്ടാ സാഹിബ് അവിടെ തന്നെയുണ്ട്. അദ്ദേഹത്തിന്റെ രണ്ട് മക്കളും ശഹീദായി, ഈ രണ്ട് കുട്ടികളുടെ സന്തപ്ത കുടുംബത്തിൽ അവരുടെ മാതാവും പിതാവും അഞ്ചു വയസ്സുള്ള അത്താവുൽ വാസിഅ് എന്ന സഹോദരനും മൂന്നു വയസ്സുള്ള അസിസ സിദ്റത്തുനൂർ എന്ന സഹോദരിയും ഉണ്ട്.

പരസ്പരം കുടുംബങ്ങളായ 18 വീടുകൾ ഇവിടെയുണ്ട്. ഇപ്പോൾ അവർ എല്ലാവരും റബ്വയിൽ ആണ്. ഞാൻ പറഞ്ഞത് പോലെ അക്രമികൾ ആറ് വീടുകൾ അതിലെ സാധനങ്ങൾ അടക്കം തീയിട്ടു നശിപ്പിച്ചു. മുഹമ്മദ് അഫ്സൽ സാഹിബിന്റെ വീടുണ്ട്, അശ്റഫ് സാഹിബ്, ബൂട്ടാ സാഹിബ്, സലീം സാഹിബ്, ഖലീൽ സാഹിബ്, ഫിറോസുദ്ദീൻ സാഹിബ് എന്നിവരുടെ വീടുകൾ. രണ്ട് വീടുകൾ തകർക്കുകയും അതിലെ സാധനങ്ങൽ പുറത്തെടുത്ത് കത്തിക്കുകയും ചെയ്തു. മാസ്റ്റർ ബശീർ സാഹിബിന്റെയും മുബശ്ശിർ സാഹിബിന്റെയും വീടുകൾ. ഇതുകൂടാതെ അഞ്ച് അഹ്മദി സഹോദരങ്ങളുടെ കടകൾ പൂർണ്ണമായും കൊള്ളയടിച്ചതിന് ശേഷം അഗ്നിക്കിരയാക്കി. അതേ പോലെ തന്നെ ഹൽഖയിലെ നമസ്കാര സെന്ററും അക്രമത്തിന് ഇരയാക്കി. അവിടെയുണ്ടായിരുന്ന വിശുദ്ധ ഖുർആന്റെ കോപ്പികളും ജമാഅത്ത് ഗ്രന്ഥങ്ങളും, മറ്റു സാധനങ്ങളും കത്തിച്ചതിന് ശേഷം, നമസ്കാര സെന്ററും തീ വെച്ച് ശഹീദാക്കി.

ഇതാണ് അക്രമികളുടെ പ്രവർത്തികളുടെ ചുരുങ്ങിയ കഥ അല്ലെങ്കിൽ അവസ്ഥ. ഇവരെ കുറിച്ച് അല്ലാഹു പറയുന്നു അഥവാ ഇവർ തൗബ ചെയ്യുന്നില്ലായെങ്കിൽ നരകശിക്ഷ, എരിച്ച് കളയുന്ന ശിക്ഷ ഇവർക്കുള്ള വിധിയാണ്. അല്ലാഹു ഈ നിഷേധികളുടെ നേതാക്കന്മാരെയും പിടിക്കുന്നതിനുള്ള സംവിധാനം വേഗത്തിൽ ഒരുക്കുമാറാകട്ടെ. തീയിടുന്നതിൽ മുൻപന്തിയിൽ ഉണ്ടായിരുന്നവരെയും പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കുമാറാകട്ടെ. ഈ ശുഹദാക്കളുടെ സ്ഥാനം അല്ലാഹു ഉയർത്തുന്നത് തന്നെയായിരിക്കും. അവരുടെ ബന്ധുക്കൾക്കും സഹനവും ധൈര്യവും പ്രധാനം ചെയ്യുമാറാകട്ടെ. പ്രത്യേകിച്ച് ആ മാതാപിതാക്കൾക്കും സഹോദരീ സഹോദരന്മാർക്കും അവരുടെ നിഷ്കളങ്കരായ മക്കളെയും സഹോദരിമാരെയും അവയിൽ നിന്ന് വേർപ്പെടുത്തി. അല്ലാഹു എല്ലാ രോഗികൾക്കും പെട്ടെന്നുള്ള പരിപൂർണ്ണ ശിഫാ പ്രധാനം ചെയ്യുമാറാകട്ടെ. അവരുടെ സാമ്പത്തിക നഷ്ടത്തെയും ദുരീകരിക്കുമാറാകട്ടെ. മുമ്പത്തേക്കാൾ കൂടുതൽ പ്രധാനം ചെയ്യുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Masjid Baithul Futhuh,London – on 25.07.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Sulthan Nazeer For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To